# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5987** — **07-07-2014 ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലയിലെ പാടശേഖരങ്ങളുടെ അഭിവൃദ്ധിക്കായുള്ള തോട് നിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കെ.എൽ.ഡി.സി മുഖേന കോഴിക്കോട് ജില്ലയിലെ ഏതൊക്കെ പാടശേഖരങ്ങളുടെ അഭിവൃദ്ധിക്കാണ് തോട് നിർമ്മാണ പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | ചുവടെ ചേർത്തിട്ടുള്ള രണ്ട് പദ്ധതികളാണ് ഇപ്പോൾ കോഴിക്കോട് ജില്ലയിൽ കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.<br>1. മേപ്പയൂർ പഞ്ചായത്തിലെ കരുവോട് ചിറയുടെ വികസന പ്രവർത്തനങ്ങൾ.<br>2. ആയഞ്ചേരി പഞ്ചായത്തിലെ കടമേരി പാടശേഖരത്തിന്റെ വികസന പ്രവർത്തനങ്ങൾ. |
| (ബി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മേപ്പയൂർ പഞ്ചായത്തിലെ കരുവോട് ചിറയുടെ വികസന പ്രവർത്തനങ്ങൾ രണ്ടു ഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഒന്നാം ഭാഗം പൂർത്തീകരിച്ചിട്ടുള്ളതും രണ്ടാം ഭാഗം 50% പണികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. കടമേരി പാടശേഖരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തീകരി ച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | കരുവോട് ചിറയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കാലാവസ്ഥ വ്യതിയാനങ്ങൾ കൊണ്ടുള്ള പ്രതികൂല സാഹചര്യങ്ങൾ മൂലം വർഷത്തിൽ 4 മാസം മാത്രമാണ് ലഭ്യമാകുന്നത്. പ്രസ്തുത സമയത്ത് പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും വി.സി.ബി യുടേയും മറ്റും നിർമ്മാണത്തിനാവശ്യമായ സ്ഥലം തീരുമാനിക്കുന്നതിലെ തർക്കം കാരണം പണികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കടമേരി പാടശേഖരത്തിലെ ബാക്കിയുള്ള 10% പണികൾ അടുത്ത വർക്കിംഗ് സീസണിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ